File No.SJD/2046/2020-D2

**<u>ഭിന്നശേഷിസ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി ഗൂഗിൾ മീറ്റ് മുഖേന 25-08-2020 ന് ചേർന്ന യോഗ മിനിട്സ്</u>**

സാമൂഹ്യനീതി വകുപ്പിനു കീഴിലെ ഭിന്നശേഷിസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി സാമൂഹ്യനീതി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഗൂഗിൾ മീറ്റ് മുഖേന 25/08/2020 ന് ചേർന്ന യോഗം ഉച്ചയ്ക്ക് 3 മണിയ്ക്ക് ആരംഭിച്ചു.

**മീറ്റിംഗിൽ പങ്കെടുത്തവർ**

1. ശ്രീമതി ജലജ.എസ്, അസിസ്റ്റന്റ് ഡയറക്ടർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്
2. ശ്രീ.ഗിഫ്റ്റ്സൺരാജ്, ജില്ലാസാമൂഹ്യനീതി ഓഫീസർ(I/C), തിരുവനന്തപുരം
3. ശ്രീ.സാദിഖ്.എസ്, ജില്ലാസാമൂഹ്യനീതി ഓഫീസർ(I/C), ആലപ്പുഴ
4. ശ്രീ ഗോപകുമാർ.ജി, ജില്ലാസാമൂഹ്യനീതി ഓഫീസർ(I/C), ഇടുക്കി
5. ശ്രീ.ജോൺജോഷി.കെ.ജെ, ജില്ലാസാമൂഹ്യനീതി ഓഫീസർ(I/C), എറണാകുളം
6. ശ്രീമതി.രാഗപ്രിയ.കെ.ജി,ജില്ലാസാമൂഹ്യനീതി ഓഫീസർ(I/C), തൃശ്ശൂർ
7. ശ്രീ.ഷെരീഫ് ഷൂജ.കെ.എം,ജില്ലാസാമൂഹ്യനീതി ഓഫീസർ(I/C), പാലക്കാട്
8. ശ്രീ.കെ.കൃഷ്ണമൂർത്തി, ജില്ലാസാമൂഹ്യനീതി ഓഫീസർ(I/C), മലപ്പുറം
9. ശ്രീ.അഷറഫ് .കെ.റ്റി, ജില്ലാസാമൂഹ്യനീതി ഓഫീസർ(I/C), വയനാട്
10. ശ്രീമതി ഷീബ മുംതാസ്.സി.കെ, ജില്ലാസാമൂഹ്യനീതി ഓഫീസർ (I/C), കോഴിക്കോട്
11. ശ്രീമതി സിന്ധു.എം.പി, ജൂനിയർ സൂപ്രണ്ട്, സാമൂഹ്യനീതി ഡയറക്ടറേറ്റ്
12. ശ്രീമതി അശ്വതി.വി,സൂപ്രണ്ട്, ആശാ ഭവൻ (സ്ത്രീകൾ), തിരുവനന്തപുരം
13. ശ്രീമതി ഷേർലി.ഇ.വി സൂപ്രണ്ട്(I/C), ആശാഭവൻ (സ്ത്രീകൾ) തൃശ്ശൂർ
14. ശ്രീമതി ഷൈനി.എൻ.കെ, സൂപ്രണ്ട്, ആശാ ഭവൻ (സ്ത്രീകൾ) കോഴിക്കോട്
15. ശ്രീമതി.മോളി.എം.സി, സൂപ്രണ്ട്, ആശാ ഭവൻ (പുരുഷൻമാർ) കോഴിക്കോട്
16. ശ്രീമതി സുമാദേവി.വി, സൂപ്രണ്ട്, ആശാ ഭവൻ(പുരുഷൻമാർ) തിരുവനന്തപുരം
17. ശ്രീ.സജീവ്.എ,സൂപ്രണ്ട്, പ്രതീക്ഷാ ഭവൻ, മലപ്പുറം
18. ശ്രീ. സിനോസേവി, സൂപ്രണ്ട്, (I/C), HMDC, കോഴിക്കോട്
19. ശ്രീ സെബാസ്റ്റ്യൻ അഗസ്റ്റിൻ, സൂപ്രണ്ട്, എച്ച്.പി.എച്ച്, ഇടുക്കി
20. ശ്രീ.അജിത്കുമാർ.റ്റി,സൂപ്രണ്ട്, എച്ച്.പി.എച്ച്, ആലപ്പുഴ
21. ശ്രീ.രാജീവ്.ബി, സൂപ്രണ്ട് (I/C), എച്ച്.പി.എച്ച്, വയനാട്
22. ശ്രീ.നാരായണൻ.പി,സൂപ്രണ്ട്, എച്ച്.പി.എച്ച്, പാലക്കാട്
23. ശ്രീ.അശോകൻ.കെ,സൂപ്രണ്ട്, എച്ച്.പി.എച്ച്, കോഴിക്കോട്
24. ശ്രീമതി റാബിയ ഫൈസൽ, സൂപ്രണ്ട്, സി.എച്ച്.ഡി.സി, ആലപ്പുഴ
25. ശ്രീമതി.താഹിറ.റ്റി.എ, സൂപ്രണ്ട്, പ്രത്യാശാ ഭവൻ, തൃശ്ശൂർ
26. ശ്രീമതി.രാധിക,ലെതർ വർക്ക്സ് ഇൻസ്ട്രക്ടർ, വിറ്റിസി, കോഴിക്കോട്

മീറ്റിംഗിൽ എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം അവലോകനം ചെയ്യുകയുണ്ടായി. എല്ലാ സ്ഥാപനങ്ങളിലും കോവിഡ് പ്രതിരോധ പ്രവർത്തനം തൃപ്തികരമായി നടക്കുന്നതായി വിലയിരുത്തുകയും ആന്റിജൻ ടെസ്റ്റ് നടത്തുവാനുള്ള

സ്ഥാപനങ്ങളിൽ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് അടിയന്തിരമായി നടത്തുവാനും ഡയറക്ടർ നിർദ്ദേശിച്ചു. എല്ലാ സ്ഥാപനങ്ങളിലും മാനേജ്മെന്റ് കമ്മിറ്റികൾ അടിയന്തിരമായി കൂടുവാനും കളക്ടറുടെ സേവനം ലഭ്യമാകാത്ത പക്ഷം കളക്ടറുടെ പ്രതിനിധിയുടെ നേതൃത്വത്തിൽ മാനേജ്മെന്റ് കമ്മിറ്റി കൂടേണ്ടതാണെന്നും ഡയറക്ടർ നിർദ്ദേശിച്ചു. തിരുവനന്തപുരം ആശാ ഭവൻ (സ്ത്രീകൾ) ലുള്ള AIDS രോഗിയെ AIDS Control Society മുഖേന പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഡയറക്ടർ നിർദ്ദേശിച്ചു.

മീറ്റിംഗുമായി ബന്ധപ്പെട്ട് കൈക്കൊണ്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനമേധാവികൾ എല്ലാ മാസത്തെയും പ്രതിമാസപ്രവർത്തന അവലോകന റിപ്പോർട്ട് എല്ലാ മാസവും ആദ്യ പ്രവൃത്തി ദിവസം തന്നെ ഇ ക്ഷേമ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. പെൻഡിംഗ് റിപ്പോർട്ടുകൾ അപ്ഡേറ്റ് ചെയ്യുവാനുള്ള സ്ഥാപനമേധാവികൾ പ്രസ്തുത റിപ്പോർട്ടുകൾ 31-08-2020 ന് മുൻപായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ( നടപടി- സ്ഥാപന മേധാവികൾ)
2. സ്ഥാപനങ്ങളിലെ താമസക്കാരായ അന്യ സംസ്ഥാനവാസികളെ പ്രത്യാശ പദ്ധതി മുഖേന അടിയന്തിരമായി സ്ഥാപനങ്ങളിൽ നിന്നും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട തുടർ വിവരങ്ങൾ എറണാകുളം ജില്ലാ സാമൂഹ്യ നീതി ഓഫീസറിൽ നിന്നും ലഭ്യമാകുന്നതാണ് ( നടപടി- സ്ഥാപന മേധാവികൾ)
3. മലപ്പുറം പ്രതീക്ഷാ ഭവനിലെ താമസക്കാരുടെ അവസ്ഥ പരിഗണിച്ച് ടി സ്ഥാപനത്തിൽ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരെ അധികമായി ഉൾപ്പെടുത്തേണ്ട വിഷയം പരിശോധിക്കുവാൻ തീരുമാനിച്ചു. ( നടപടി- സ്റ്റാഫ്, പ്ലാനിംഗ് സെൽ)
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി വഴി നൽകുന്ന അലോട്ട്മെന്റുകൾ സാമൂഹ്യനീതി വകുപ്പ് വഴി നേരിട്ട് സ്ഥാപനങ്ങൾക്ക് നൽകുന്ന വിഷയം പരിശോധിക്കുവാൻ തീരുമാനിച്ചു. ( നടപടി- സ്റ്റേറ്റ് അക്കൗണ്ട് സെക്ഷൻ)
5. ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ടതായുള്ള റിപ്പോർട്ടുകൾ അടിയന്തിരമായി സമർപ്പിക്കുവാൻ.

സ്ഥാപനമേധാവികൾക്ക് / **ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്ക് ഒരാഴ്ചയ്ക്കകം** കത്ത് നൽകേണ്ടതാണ്. (നടപടി - സെക്ഷൻ മേധാവികൾ)

6. സ്ഥാപനങ്ങളിൽ **ഒഴിവുള്ള** സ്ഥിരം **തസ്തികകൾ അടിയന്തിരമായി** നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. **(നടപടി - സൂപ്രണ്ട് - എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ)**
7. നിർമ്മാണപ്രവർത്തനങ്ങൾ (PWD **യിൽ** നിന്നും ലഭിക്കുവാനുള്ളത് ഉൾപ്പെടെ)/സാധനസാമഗ്രികകൾ വാങ്ങിയത് തുടങ്ങി ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച ഫണ്ട് വിനിയോഗിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം രണ്ടാഴ്ചയ്ക്കകം ലഭ്യമാക്കേണ്ടതാണ്. **(നടപടി - ജില്ലാസാമൂഹ്യനീതി ഓഫീസർമാർ, സ്ഥാപന മേധാവികൾ)**
8. സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വയോജന- ഭിന്ന ശേഷി സൗഹൃദ മാനദണ്ഡ പ്രകാരം തന്നെയാണ് എന്നത് സ്ഥാപന സൂപ്രണ്ടും, ജില്ല സാമൂഹ്യ നീ തി ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ് .
9. സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ഫണ്ടിന്റെ ശുപാർശകൾ ജില്ലാസാമൂഹ്യനീതി ഓഫീസർ മുഖാന്തിരം ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. ( **നടപടി - സ്ഥാപന മേധാവികൾ)**
10. അടുത്ത സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളുടെ വിശദാംശം 2020 ആഗസ്റ്റ് 27 നു മുൻപായി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. **(നടപടി - ജില്ലാസാമൂഹ്യനീതി ഓഫീസർമാർ)**
11. തിരുവനന്തപുരം വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ഇൻഡസ്ട്രിയൽ യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. **(നടപടി - VTC സൂപ്പർവൈസർ, തിരുവനന്തപുരം)**
12. മുതിർന്ന പൗരൻമാർക്കായി 4 HPH പ്രവർത്തിക്കുന്നുണ്ടെങ്കിലും 4 സ്ഥാപനങ്ങളിലുമായി 40 ൽ താഴെ മാത്രം ഭിന്നശേഷിയുള്ള വയോജനങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ 2 സ്ഥാപനങ്ങൾ ഭിന്നശേഷിയുള്ള വയോജനങ്ങൾക്കായി നില നിറുത്തി മറ്റു രണ്ടു സ്ഥാപനങ്ങളും മറ്റു വിധത്തിലുള്ള വയോ സൗഹൃദ സ്ഥാപനങ്ങൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ

തീരുമാനിച്ചു. **(നടപടി - സൂപ്രണ്ട്, ജി സെക്ഷൻ)**

13. നടപ്പു സാമ്പത്തിക വർഷത്തിൽ അലോട്ട്മെന്റുകൾ ലഭ്യമാകാത്ത സ്ഥാപനങ്ങൾ ആയത് ലഭ്യമാകുന്നതിനായി അടിയന്തിരമായി ഡയറക്ടറേറ്റിൽ Request നൽകേണ്ടതാണ്. **(നടപടി - സ്ഥാപന മേധാവികൾ)**
14. വിവിധ സ്ഥാപനങ്ങളിൽ നിന്ന് ബിൽ സബ്മിറ്റ് ചെയ്യുമ്പോൾ 'claim amount exceeds expenditure limit by budget" എന്ന error മെസ്സേജ് വരുന്നതായും ആയതിനാൽ ബിൽ സബ്മിറ്റ് ചെയ്യുവാൻ കഴിയില്ലെന്നുള്ള പരാതി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിഹരിയ്ക്കേണ്ടതാണ്. **(നടപടി - സീനിയർ ഫിനാൻസ് ഓഫീസർ)**
15. ഇടുക്കി HPH ൽ CCTV സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിച്ച് വകുപ്പിന്റെ വിഹിതമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. **(നടപടി - സൂപ്രണ്ട്, ജി സെക്ഷൻ)**

മീറ്റിംഗ് 5.15 ന് അവസാനിച്ചു.

JALEJA S.
Assistant Director
Directorate of Social Justice
Thiruvananthapuram